# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.659      29/05/2019-ൽ മറുപടിക്ക്

## ഡാം മാനേജ്മെന്റും പ്രളയവും

| | ചോദ്യം<br><br>**ശ്രീ.പി.ടി. തോമസ്<br>,, എം. വിൻസെന്റ്<br>,, സണ്ണി ജോസഫ്<br>,, വി.എസ്.ശിവകുമാർ** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | 2018-ലെ കാലവർഷ കാലത്ത് സംസ്ഥാനത്തെ ഡാമുകൾ നിറഞ്ഞ സാഹചര്യം ഫലപ്രദമായി ഉപയോഗപ്പെടുത്തി വൈദ്യുതി ഉൽപാദനം പരമാവധിയിലെത്തിക്കുവാൻ കെ.എസ്.ഇ.ബി.ക്ക് സാധിച്ചിരുന്നുവോ; | (എ) | 2018 – ലെ കാലവർഷ കാലത്ത് ഡാമുകളിൽ ഒഴുകിയെത്തിയ അധിക ജലം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും ഡാമുകളിലെ ജലനിരപ്പ് നിയന്ത്രിക്കുന്നതിനുമായി ടി ജലമുപയോഗിച്ച് വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി പരമാവധി ശ്രമിച്ചിട്ടുണ്ട്. |
| (ബി) | 2018 ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഇതുമൂലം എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് കെ.എസ്.ഇ.ബി.ക്ക് അധികമായി ഉൽപാദിപ്പിക്കുവാൻ സാധിച്ചതെന്ന് അറിയിക്കാമോ; | (ബി) | 2018 –ലെ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ലക്ഷ്യമിട്ടിരുന്നതിലും അധികമായി 1006 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ഉത്പാദിപ്പിച്ചത്. |
| (സി) | പ്രസ്തുത വൈദ്യുതി പവർ എക്സ്ചേഞ്ചുകൾ വഴി വില്പന നടത്തിയ വകയിൽ കെ.എസ്.ഇ.ബി.ക്ക് വരുമാന വർദ്ധനവ് നേടുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | അധികമായി ഉത്പാദിപ്പിച്ച വൈദ്യുതിയിൽ സംസ്ഥാനത്തിന്റെ ആവശ്യകത കഴിച്ച് ശേഷിക്കുന്ന വൈദ്യുതി പവർ എക്സ്ചേഞ്ച് വഴി വിറ്റ വകയിൽ 123.24 കോടി രൂപ ലഭിച്ചിട്ടുണ്ട് |
| (ഡി) | 2018 ജൂലൈ മാസത്തിൽ തന്നെ കെ.എസ്.ഇ.ബി.യുടെ പ്രധാനപ്പെട്ട ജലസംഭരണികളിൽ പരമാവധി ശേഷിയെത്തിയിട്ടും ഡാമുകൾ ക്രമമായി തുറന്ന് വിട്ട് ജലവിതാനം താഴ്ത്താതിരുന്നതിന് കാരണം പരമാവധി വൈദ്യുതി ഉൽപാദനത്തിലൂടെ അധിക ലാഭം കൊയ്യുക എന്ന കെ.എസ്.ഇ.ബി.യുടെ ലാഭക്കൊതി ആയിരുന്നുവെന്ന ആക്ഷേപം വസ്തുതാപരമാണോ; | (ഡി) | വസ്തുതാപരമല്ല. ജൂലൈ മാസത്തിൽ പ്രധാനപ്പെട്ട വലിയ ഡാമുകളായ ഇടുക്കി, ഇടമലയാർ, പമ്പ, കക്കി തുടങ്ങിയവയിൽ പരമാവധി ജലനിരപ്പ് എത്തിയിട്ടില്ല. എന്നാൽ ജൂലൈ 25നു തന്നെ ജലനിരപ്പ് കൂടുതൽ ഉയരുന്ന പക്ഷം ജലവിധാനം ക്രമീകരിക്കുവാൻ തീരുമാനിക്കുകയും അതനുസരിച്ച് ആഗസ്റ്റ് മാസത്തിൽ പെയ്ത വലിയ മഴമൂലം ഉയർന്ന ജലനിരപ്പ് കൃത്യമായ നിയന്ത്രണത്തിലൂടെ തുറന്ന് വിടുകയും പരമാവധി വൈദ്യുതി ഉല്പാദിപ്പിക്കുകയും ആണ് ചെയ്തിട്ടുള്ളത്. |

(...2)

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാനത്തുണ്ടായ പ്രളയം മനുഷ്യ നിർമ്മിതമാണെന്ന ഹൈക്കോടതി നിയമിച്ച അമികൃസ് ക്യൂറിയുടെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 2018 ആഗസ്റ്റിലുണ്ടായ പ്രളയത്തിൽ കെ.എസ്.ഇ.ബി.യുടെ പങ്ക് എത്രമാത്രമായിരുന്നു എന്ന് വെളിപ്പെടുത്തുമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അമികൃസ് ക്യൂറിയുടെ അഭിപ്രായം വസ്തുതാപരമല്ല.<br><br>പ്രളയം ഉണ്ടായതിൽ ഡാമുകൾ പ്രത്യേകിച്ച് പങ്കൊന്നും വഹിച്ചിരുന്നില്ല. അതിതീവ്രമഴയാണ് പ്രളയത്തിനു കാരണമായത്. 2018 ആഗസ്റ്റിലുണ്ടായ പ്രളയം സംബന്ധിച്ച്, കേന്ദ്രജലകമ്മീഷൻ നടത്തിയ പഠനത്തിനു ശേഷം തയ്യാറാക്കിയ റിപ്പോർട്ടിൽ കേരളത്തിലെ ഡാമുകൾ തുറന്നതല്ല പ്രളയത്തിന് കാരണമെന്ന് വിശദമാക്കിയിട്ടുണ്ട്. 2018 ആഗസ്റ്റ് മാസം 8,9,15,16,17 തീയതികളിൽ കേരളത്തിൽ പെയ്ത അതിതീവ്രമഴയാണ് പ്രളയത്തിന് കാരണ മെന്ന് റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ